# ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്കിലേക്കും നമീബിയ റിപ്പബ്ലിക്കിലേക്കും വിദേശകാര്യ മന്ത്രി സന്ദർശനം നടത്തി (ജൂൺ 01-06-2023)

ജൂൺ 07, 2023

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ (ഇ.എ്.എം.) 2023 ജൂൺ 1 മുതൽ 6 വരെ റിപ്പബ്ലിക് ഓഫ് ദക്ഷിണാഫ്രിക്കയിലും റിപ്പബ്ലിക് ഓഫ് നമീബിയയിലും ഔദ്യോഗിക സന്ദർശനം നടത്തി.

2. ഇ.എ്.എം. 2023 ജൂൺ 1 മുതൽ 3 വരെ ദക്ഷിണാഫ്രിക്കയിലെ കേപ് ടൗൺ സന്ദർശിക്കുകയും യഥാക്രമം ജൂൺ 1, 2 തീയതികളിൽ ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിലും ഫ്രണ്ട്സ് ഓഫ് ബ്രിക്സിന്റെ വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിലും പങ്കെടുക്കുകയും ചെയ്തു. ചർച്ചകൾക്കിടയിൽ, ആഗോള-പ്രാദേശിക സംഭവവികാസങ്ങൾ, ആഗോള സാമ്പത്തിക വീണ്ടെടുപ്പ്, ബ്രിക്സ് ഉൾപ്പെടെയുള്ള ബഹുരാഷ്ട്ര സ്ഥാപനങ്ങളുടെ പ്രവർത്തനം എന്നിവയിൽ ഇന്ത്യയുടെ നിലപാടുകൾ ഇ.എ്.എം. മുന്നോട്ടുവച്ചു. ജൂൺ 1-ന് സംയുക്ത ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ പ്രസ്താവനയോടെ യോഗം അവസാനിച്ചു. ബ്രിക്സ്, ഫ്രണ്ട്സ് ഓഫ് ബ്രിക്സ് യോഗങ്ങളിൽ പങ്കെടുത്ത ദക്ഷിണാഫ്രിക്കൻ വിദേശകാര്യ മന്ത്രി ശ്രീമതി. നലേഡി പണ്ടോറുമായും മറ്റ് ചില വിദേശകാര്യ മന്ത്രിമാരുമായും ഇ.എ്.എം. പ്രത്യേക ആശയവിനിമയം നടത്തി. അദ്ദേഹം ദക്ഷിണാഫ്രിക്കൻ പ്രസിഡന്റിനോടപ്പം മറ്റ് ബ്രിക്സ് മന്ത്രിമാരുമായും കൂടിക്കാഴ്ച നടത്തി. കേപ്ടൗണിൽ വെച്ച്, ഇ.എ്.എം. ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു, ദക്ഷിണാഫ്രിക്കയുമായുള്ള 30 വർഷത്തെ നയതന്ത്ര ബന്ധത്തെക്കുറിച്ചും ബ്രിക്സിന്റെ 15 വർഷത്തെ യാത്രയെക്കുറിച്ചും കഴിഞ്ഞ ഒമ്പത് വർഷങ്ങളിൽ സർക്കാർ കൈവരിച്ച നേട്ടങ്ങളെക്കുറിച്ചും പ്രതിപാദിച്ചു.

3. ഇ.എ്.എം. 2023 ജൂൺ 4 മുതൽ 6 വരെ നമീബിയ സന്ദർശിച്ചു. റിപ്പബ്ലിക് ഓഫ് നമീബിയയിലേക്കുള്ള ഇന്ത്യയുടെ ഒരു വിദേശകാര്യ മന്ത്രിയുടെ ആദ്യ സന്ദർശനമായിരുന്നു ഇത്. സന്ദർശന വേളയിൽ ഇ.എ്.എം. നമീബിയൻ രാഷ്ട്രപതി ശ്രീ. ഹാഗെ ഗിംഗോബുമായി കൂടിക്കാഴ്ച നടത്തുകയും, നമീബിയൻ ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ ശ്രീമതി നെതുംബോ നന്ദി-ൻഡൈത്വയുമായുള്ള (ഡി.പി.എം.) സംയുക്ത സമിതി യോഗത്തിന്റെ ഉദ്ഘാടന പരിപാടിയിൽ സഹ അധ്യക്ഷസ്ഥാനം വഹിക്കുകയും ചെയ്തു. ഇന്ത്യൻ വജ്ര വ്യാപാര സമൂഹവുമായുള്ള കൂടിക്കാഴ്ചയ്ക്ക് പുറമെ നമീബിയ ആസ്ഥാനമായുള്ള ഇന്ത്യൻ പ്രവാസി സമൂഹത്തെയും ഇ.എ്.എം. അഭിസംബോധന ചെയ്തു. ഉന്നതവിദ്യാഭ്യാസ മന്ത്രി ഇറ്റാ കാൻഡ്ജി-മുറംഗിയുടെയും ഡി.പി.എം.-ന്റെയും സാന്നിധ്യത്തിൽ അദ്ദേഹം വിൻഡ്ഹോക്കിലെ ഇന്ത്യ-നമീബിയ സെൻറർ ഓഫ് എക്സലൻസ് ഇൻ ഇൻഫർമേഷൻ ടെക്നോളജി (ഐ.എൻ.സി.ഇ.ഐ.ടി.) ഔപചാരികമായി ഉദ്ഘാടനം ചെയ്തു.

4. ദക്ഷിണാഫ്രിക്കയിലും നമീബിയയിലും ഉയർന്ന തലത്തിലുള്ള ആശയവിനിമയങ്ങൾക്ക് ഈ സന്ദർശനം അവസരമൊരുക്കുകയും ഈ രാജ്യങ്ങളുമായി ഇന്ത്യ സൗഹൃദബന്ധം കൂടുതൽ ശക്തമാക്കുകയും ചെയ്തു.

**ന്യൂ ഡൽഹി**

**ജൂൺ 06, 2023**